മിസ്റ്റർ പി. ഗോവിന്ദമേനോൻ: Rice position നോക്കുമ്പോൾ നമുക്ക് അതിനു് നിവൃത്തിയില്ല. ഇപ്പോൾ ഏതു സമയത്തും ഏഴു എട്ടു ദിവസത്തെ സ്റ്റോക്ക് മാത്രമേയുള്ളൂ.

മിസിസ്സ് കെ. എം. ആർ. മേനോൻ: നമ്മുടെ നാട്ടിൽ നിന്നു് കിട്ടുന്ന നെല്ലു് പുഴുക്കലരിയായിട്ടു കൊടുക്കുവാൻ സാധിക്കുകയില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെതന്നെയാണു് ചെയ്യുന്നതു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: നാം വാങ്ങിക്കുന്ന അരിയിൽ പൊടിയരിയും കൂടി ഉണ്ടെന്നു പറഞ്ഞുവല്ലൊ. നോക്കി വാങ്ങിക്കാത്തതു കൊണ്ടല്ലെ അങ്ങിനെ വരുന്നതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വാങ്ങിക്കുന്നതിൽ പൊടിയുണ്ടാവുകയാണു്. കച്ചവടക്കാർ വാങ്ങിക്കുന്ന അരിയായാലും മറ്റു ചരക്കുകളായാലും അതിലും മോശമുള്ളതു് ഉണ്ടാകും.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: നമുക്കു് ആവശ്യമുള്ള അരി കഴിയുന്നിത്തോളം പുഴുക്കലരിയായിട്ടുതന്നെ വാങ്ങിക്കുവാൻ സാധിക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കഴിയുന്നിത്തോളം പുഴുക്കലരി തന്നെ വാങ്ങിക്കണമെന്നാണു് ആഗ്രഹം.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: ആ ആഗ്രഹം അനുസരിച്ചു കഴിയുന്നിത്തോളം പുഴുക്കലരി തന്നെ വാങ്ങീട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെ ചെയ്യണമെന്നു പറഞ്ഞു് Instructions കൊടുത്തിട്ടുണ്ടു്.

മിസ്റ്റർ പി. നാരായണമേനോൻ: ഈ അരി പരിശോധിച്ചു സപ്ലൈ ചെയ്യുവാൻ പ്രത്യേകം വല്ല ഉദ്യോഗസ്ഥന്മാരേയും വെച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഡെപ്പോവിൽ നിന്നാണു് അരി അയക്കുന്നതു്. മനുഷ്യർക്കു ഉപയോഗിക്കുവാൻ പാടില്ലാത്തതു് Cattle food ആയിട്ടു ഉപയോഗിക്കും. മനുഷ്യർക്കു ഉപയോഗിക്കാവുന്നതു മാത്രമേ സെൻട്രൽ ഡെപ്പോവിൽനിന്നു് അയക്കുകയുള്ളൂ.

മിസ്റ്റർ പി. നാരായണമേനോൻ: മനുഷ്യർക്കു ഉപയോഗിക്കുവാൻ പാടില്ലാത്താതാണോയെന്നു് പരിശോധിക്കുവാൻ പ്രത്യേകം വല്ല ഉദ്യോഗസ്ഥന്മാരേയും നിയമിച്ചിട്ടുണ്ടോ?

RENTING OF ELEPHANTS AT PORINGALKUTHU

313. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു സഭയം മറുപടി പറയുമൊ.—

(എ) പെരിങ്ങൽകുത്തിലെ ആവശ്യത്തിലേക്കു പാട്ടത്തിനു് എടുത്തിട്ടുള്ള ആനകൾ ദിവസേന എത്ര ടൺ തടിയാണു് ശരാശരി പിടിച്ചിട്ടുള്ളതു്;

(ബി) മേൽപറഞ്ഞ ആനകൾ ഒരു ടൺ തടി ഒരു മൈൽ ദൂരം വലിച്ചു മാറ്റുന്നതിനു് എത്ര ഉറുപ്പിക ആനകളുടെ പാട്ടം ഇനത്തിൽ ചിലവു വരുന്നു?

റാവുസാഹിബു് കെ. അയ്യപ്പൻ:

(എ) ഓരോ ആനയും ശരാശരി ൩.൬൫ ടൺ വീതം.

(ബി) ചോദ്യത്തിൽ പറഞ്ഞവിധത്തിൽ കണക്കു വെച്ചിട്ടില്ല.

LOTION—SPRAY OF

314. മിസ്റ്റർ പി. നാരായണമോനൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു സഭയം മറുപടി പറയുമൊ.—

(എ) തുപ്പുണിത്തുറയിലുള്ള കോട്ടക്കകത്തും അവുവ്വും ചില ഭവനങ്ങളുടെ സമീപങ്ങളിലും മാത്രം വളരെക്കാലമായി ദിവസംപ്രതി മശകങ്ങളെ സംഹരിക്കുന്നതിനുള്ള ലോക്ഷൻ 'സ്പ്രെ' ചെയ്യുകാണാറുള്ളതു് ആ പ്രദേശങ്ങൾ മലേറിയാബാധിതങ്ങളായതുകൊണ്ടാണൊ;

(ബി) അല്ലെങ്കിൽ എന്തുകൊണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly

റാവു ബഹദൂർ ടി. കെ. നായർ:

(എ) അല്ല.

(ബി) തൃപ്പൂണിത്തുറയിലുള്ള ചില പ്രദേശങ്ങളിൽ കൊതുകുകളുടെ ശല്യം അധികമായിരിക്കുന്നതിനാൽ അതിന്റെ നിവാരണത്തിനും, കൊതുകുകൾമൂലം പരക്കാവുന്നതായ മന്ത്, പനി മുതലായ സുഖക്കേടുകളെ തടയുന്നതിനുമായി.

മിസ്റ്റർ പി. നാരായണമേനോൻ: കൊതുകുകൾ കോട്ടക്കുത്തു മാത്രമോ, അതൊ അതിന്റെ അയൽ പ്രദേശങ്ങളിലും ഉണ്ടാകാവുന്നതോ?

റാവുബഹദൂർ ടി. കെ. നായർ: പല സ്ഥലങ്ങളിലും ഉണ്ടാകുന്നുണ്ട്.

മിസ്റ്റർ പി. നാരായണമേനോൻ: തൃപ്പൂണിത്തുറയിലുള്ള ചില പ്രദേശങ്ങളിൽ കൊതുകിന്റെ ശല്യം ഉണ്ടെന്ന് പറയുന്നുണ്ട്. എന്നാൽ അതു് ഈ കോട്ടയ്ക്കുത്തു മാത്രമേ കാണാവുള്ളൂ.

റാവുബഹദൂർ ടി. കെ. നായർ: കൊതുകുകൾ എല്ലാ സ്ഥലങ്ങളിലുമുണ്ട്. എറണാകുളത്തും, മട്ടാഞ്ചേരിയിലും കൊതുകുകളെ സംഹരിക്കുവാൻ പ്രത്യേക ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. എന്നാൽ അതിനു പുറത്തു കൊതുകുകളില്ലെന്നു പോരിച്ചാൽ അതിനു മറുപടി പറയുവാൻ സാദ്ധ്യമല്ല. കൊതുകുകളെ മുഴുവനും നശിപ്പിക്കേണ്ടതാണ്. പ്രധാനപ്പെട്ട സ്ഥലങ്ങളിൽ അതിനു വേണ്ട നിവാരണം ചെയ്യുകയെന്നുള്ളതല്ലാതെ അതിൽ കവിഞ്ഞൊന്നും ചെയ്യുവാൻ സാദ്ധ്യമല്ല.

മിസ്റ്റർ പി. കെ. പോറ്റി: മശകങ്ങളെ സംഹരിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഈ സഭയിലെ ബഹുമാനപ്പെട്ട സാമാജികന്മാർ ഇപ്പോൾ തല്ക്കാലം താമസിച്ചുവരുന്ന ടി. ബി.യിൽ ഒന്നുപരീക്ഷിച്ചു നോക്കാമോ?

റാവുബഹദൂർ ടി. കെ. നായർ: പരീക്ഷിച്ചു നോക്കാം.

BULIDINGS OF NARAKKAL LITTLE FLOWER CONVENT HIGH SCHOOL

315. Mr. M. I. Paul *(Narakkal)*: Will Government be pleased to state.—

(*a*) whether the Government are aware that the building of the Narakkal Little Flower Convent High School were built at the expenses of the Convent authorities;

(*b*) whether the Government have contributed any amount towards the expenditure of that institution?

Mr. P. Govinda Menon *(Minister for Food and Education)*:

(*a*) Yes.

(*b*) No.

Mr. M. I. Paul *(Narakkal)*: May I know, Sir, whether the Government will be pleased to make an enquiry regarding the extent of amount incurred by the authorities for the buildings?

Mr. P. Govinda Menon *(Minister for Food and Education)*: Sir, There are several private schools which have been constructed solely out of private funds. This is one such. If it is necessary for Government I will take any statement from the Hon'ble Member regarding the expenditure incurred by the owners of this school towards the construction of the school.

Mr. M. I. Paul *(Narakkal)*: I suggest that about Rs. 50,000 has been spent for this school.

Mr. P. Govinda Menon *(Minister for Food and Education)*: I can agree.

Mr. M. I. Paul *(Narakkal)*: May I know, Sir, whether Government will contribvte a proportionate sum as building grant?

Mr. P. Govinda Menon *(Minister for Food and Education)*: Government have not adopted that as a policy. As I said, there are several buildings constructed by private individuals for running schools, and Government have not adopted the policy of giving a proportionate amount for every owner towards building construction.

Mr. M. I. Paul *(Narakkal)*: May I know, Sir, whether Government have included in the Budget under special grants any amount?

Mr. P. Govinda Menon *(Minister for Food and Education)*: Yes, Sir, there is some amount.

Mr. M. I. Paul *(Narakkal)*: Will the Government be pleased to contribute some amount to the school?

Mr. P. Govinda Menon *(Minister for Food and Education)*: Yes. That is intended to be paid to several schools and this school also will be considered.

LIBRARY ARCHIVES Kerala Legislative Assembly